ഫെബ്രുവരി 2,2014

# രാഷ്ട്രീയ ധ്രുവീകരണത്തിനുള്ള സോണിയയുടെ ശ്രമങ്ങൾ പരാജയം

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യ സഭ)

അഗസ്ത വെസ്റ്റ്‌ലാൻഡ് വിവിഐപി ഹെലികോപ്റ്റർ ഇടപാടുമായി ബന്ധപ്പെട്ട് ദ ഇന്ത്യൻ എക്സ്പ്രസ് നടത്തിയ വെളിപ്പെടുത്തൽ 1980 ൽ നമ്മൾ സാക്ഷികളായ സംഭവങ്ങളുടെ ആവർത്തനംപോലെ തോന്നിപ്പിക്കുന്നു. മാർട്ടിൻ ആർഡ്ബോയുടെ ഡയറി കണ്ടുകെട്ടുന്നു. ബോഫോഴ്സ് തോക്കു നിർമിക്കുന്ന കമ്പനിയുടെ തലവനായിരുന്നു മാർട്ടിൻ. ഡയറിയിലെ പല വെളിപ്പെടുത്തലുകളിൽ ഒന്ന് 'ക്യു' എന്നയാളെ സംരക്ഷിക്കുന്നത് സംബന്ധിച്ചായിരുന്നു. സൂക്ഷ്മ നിരീക്ഷകർക്കറിയാം ആരാണ് ഈ 'ക്യൂ' എന്ന്. 1993 ൽ സ്വിസ് അധികൃതർ ബോഫോഴ്സ് കോഴയിടപാടിൽ പെട്ടവരുടെ അക്കൗണ്ട് വിവരങ്ങൾ നൽകി. ഇടപാടിൽ നേട്ടമുണ്ടാക്കിയവരിൽ പണം നിക്ഷേപിക്കപ്പെട്ട അക്കൗണ്ട് 'ക്യൂ'വിന്റേതായിരുന്നു. എന്നാൽ 'ക്യൂ'വിനെ ഇന്ത്യയിൽനിന്ന് രക്ഷപ്പെടാൻ അനുവദിച്ചു, ബാക്കി ചരിത്രമാണ്. ഇപ്പോൾ ഹെലികോപ്റ്റർ ഇടപാടിലും അഴിമതി നടന്നതായി സമ്മതിക്കുന്നു. പ്രതിരോധത്തിലായ യുപിഎ സർക്കാർ കരാർ റദ്ദാക്കി. ഇന്ത്യൻ എക്സ്പ്രസ് വെളിപ്പെടുത്തുന്നുണ്ട് ഇന്ത്യയിലെ കേന്ദ്ര സർക്കാർ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന്റെ നിയന്ത്രണം ആർക്കാണെന്ന്. ഇറ്റാലിയൻ ഇടനിലക്കാർക്കും അറിയാം സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നത് സോണിയാ ഗാന്ധിയാണെന്ന്. പ്രധാനമന്ത്രി അവരുടെ ഒട്ടേറെ ഉപദേശകരിൽ ഒരാളാണ്. ഇടനിലക്കാർ ബുദ്ധിയുള്ളവരാണ്. അവർ തീരുമാനമെടുക്കും മുമ്പ് വേണ്ട പഠനം നടത്തി. അവരുടെ അക്കൗണ്ട് ഷീറ്റിലെ ചുരുക്കപ്പേരുകൾ എന്ന മാർട്ടിൻ ആർഡ്ബോയുടെ ഡയറി അനുസ്മരിപ്പിച്ചു.

സോണിയ ഗാന്ധിക്ക് വ്യാകുലപ്പെടേണ്ടതുണ്ട്. ഇന്ത്യയിലുള്ളവരും പുറത്തുള്ളവരും എങ്ങനെ ഇന്ത്യയെ മനസ്സിലാക്കുന്നു. ഈ സർക്കാർ സ്വർണ വേട്ടക്കാരുടേതാണോ? അവർ നയിക്കുന്ന യുപിഎ ഇന്ത്യയെ അവർ നയിക്കുന്ന സർക്കാർ ഒരു അശ്ലീലോൽപ്പാദന യന്ത്രമാണോ? സർക്കാരിന് വളരെ മോശമായ അഴിമതിയുടെ പ്രതിച്ഛായയാണ്. സാമ്പത്തിക രംഗത്തെ പ്രകടനം വളരെ അസ്വസ്ഥതാ ജനകമാണ്. 2012-13 ലെ അന്തിമ കണക്കുപ്രകാരം ആഭ്യന്തര ഉൽപ്പാദന നിരക്ക് 4.5 ശതമാനമാണ്. ചിദംബരത്തിന്റെ ഭാഷ കടമെടുത്താൽ രണ്ടാം യുപിഎയുടെ സമ്പദ്‌രംഗത്തെ നേട്ടം ഒരു തപാൽ സ്റ്റാമ്പിന്റെ പിന്നിൽ കുറിക്കാവുന്നതേയുള്ളൂ. അടുത്തിടെ വന്ന തെരഞ്ഞെടുപ്പു ഫലം ഭരണമുന്നണിയുടെ ദയനീയമായ ചിത്രമാണ് കാട്ടുന്നത്. 2014 ലെ പൊതു തെരഞ്ഞെടുപ്പിൽ അവർ ഉയർത്തിക്കാട്ടാൻ പോകുന്ന നേതാവ് ഒരു സ്വാധീനവും ഉണ്ടാക്കാതെ നിപതിച്ചിരിക്കുന്നു.

ഈ പ്രശ്നങ്ങളെല്ലാം അഭിമുഖീകരിച്ച് നിരാശിതയായ യുപിഎ അദ്ധ്യക്ഷ അവരുടെ അവസാന അഭയകേന്ദ്രത്തിൽ എത്തിയിരിക്കുന്നു. രാജ്യത്തിന്റെ വികസനം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന രാജ്യത്തിന്റെ വികസനം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന തെരഞ്ഞെടുപ്പ് ചർച്ചകളെ വർഗീയമായി ചേരിതിരിക്കാനുള്ള പരിശ്രമമാണ് അവരുടെ "അവരുടെ വിഷം വളർത്തൽ" എന്ന പരാമർശം. അവരുടെ നിരാശ മനസ്സിലാക്കാവുന്നതാണ്. എന്നാൽ വർഗീയ ധ്രുവീകരണത്തിനുള്ള അവരുടെ പ്രവർത്തനം ഫലം കാണില്ലെന്നത് വേറെ വിഷയമാണ്.